കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - അധ്യാപക തസ്തികകളിലെ കെ-ടെറ്റ് യോഗ്യതയ്ക്ക് പകരം ബന്ധപ്പെട്ട വിഷയത്തിൽ എം.എഡ് യോഗ്യത-വ്യക്തത വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (അച്ചടി) നം.15/2020/പൊവിവ തീയതി, തിരുവനന്തപുരം, 09/10/2020

---

പരാമർശം:- (1) സ.ഉ (പി) നം. 145/2016/പൊവിവ തീയതി 30/08/2016.

(2) സ.ഉ (പി) നം.206/16/പൊവിവ തീയതി 08/12/2016.

(3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 26/02/2020-ലെ DR4-2/50007/18-KPSC-Part (1) നമ്പർ കത്ത്.

(4) എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 11-05-2020 ലെ പ്രോഗ്രാം 2/1297/2020/ എസ് സി ഇ ആർ ടി നമ്പർ കത്ത്.

(5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17-06-2020-ലെ ഡി.ജി.ഇ/4282/2020-എച്ച്3 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ CTET/NET/SET/M.Phil/ PHD യോഗ്യത നേടിയിട്ടുള്ളവരെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ഇളവ് പരാമർശം (2) ഉത്തരവ് പ്രകാരം എം.എഡ് യോഗ്യത നേടിയവർക്കും അനുവദിച്ച നൽകുകയുണ്ടായി.

കെ-ടെറ്റ് പരീക്ഷയ്ക്ക് പകരം യോഗ്യതകളായി നിശ്ചയിച്ച്, സർക്കാർ ഉത്തരവായ മറ്റ് യോഗ്യതകളെല്ലാം തന്നെ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എം.എഡ് പകരം യോഗ്യതയായി ഉൾപ്പെടുത്തിയ സർക്കാർ ഉത്തരവിൽ മാത്രം എം.എഡ് യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ ആകേണ്ടതുണ്ടോ എന്ന് വ്യക്തമായി പരാമർശിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ വ്യക്തത വരുത്തണമെന്ന്

പരാമർശം (3) കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം മേൽ പരാമർശിത (4), (5) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. M.Ed കോഴ്സിന് പൊതുവായ വിഷയങ്ങളാണ് കൂടുതലായി പഠിക്കാൻ നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ എം.എഡ് കോഴ്സ് നേടുന്നതിന് ബി.എഡ് അടിസ്ഥാന യോഗ്യത (രണ്ട് വർഷം) നേടിയിരിക്കേണ്ടതുണ്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കെ-ടെറ്റ് ന പകരം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള M.Ed ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതില്ല എന്ന വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ. ഷാജഹാൻ
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടുമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ